മാതൃഭൂമി

19 February 2017

# നയങ്ങൾ സാധാരണക്കാർക്ക് വേണ്ടിയാകണം - ഗവർണർ

**കൊച്ചി:** നയ രൂപവത്കരണത്തിൽ സാധാരണക്കാരുടെ താത്പര്യങ്ങളാണ് സംരക്ഷിക്കപ്പെടേണ്ടതെന്ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നയങ്ങൾ രൂപവത്കരിക്കുന്നവരിൽ പലരും താഴേക്കിടയിലുള്ളവരുടെ ജീവിതാവസ്ഥയെക്കുറിച്ച് അജ്ഞരാണെന്ന് തോന്നിയിട്ടുണ്ട്. സാധാരണക്കാരെ കൂടി കണക്കിലെടുക്കണമെന്ന് പലരോടും നേരിട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അമിത വണ്ണവും കൊളസ്ട്രോളും കുറയ്ക്കാൻ സി.എം.എഫ്.ആർ.ഐ. കടൽപ്പായലിൽ നിന്നു നിർമിച്ച മരുന്ന്, മീനുകളെ പെട്ടെന്ന് തിരിച്ചറിയാനുള്ള മൊബൈൽ ആപ്പ് എന്നിവയും ചടങ്ങിൽ പുറത്തിറക്കി. കൂടാതെ, സി.എം.എഫ്.ആർ.ഐ.യുടെ പ്രധാനപ്പെട്ട ചില പഠന റിപ്പോർട്ടുകളും പ്രകാശനം ചെയ്തു.

## സി.എം.എഫ്.ആർ.ഐ. പ്ലാറ്റിനം ജൂബിലി തുടങ്ങി



സി.എം.എഫ്.ആർ.ഐ. പ്ലാറ്റിനം ജൂബിലി ആഘോഷം ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു

ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ നയ രൂപവത്കരണ മാർഗരേഖ, വംശനാശ ഭീഷണി നേരിടുന്നവയുടെ പട്ടികയിലുള്ള ചില സ്രാവുകളുടെയും തിരണ്ടികളുടെയും നിലവിലെ അവസ്ഥ വിവരിക്കുന്ന പഠന റിപ്പോർട്ട്, ജി.ഐ.എസ്. സാങ്കേതിക വിദ്യയെക്കുറിച്ച് വിശദമാക്കുന്ന കൈപ്പുസ്തകം തുടങ്ങിയവയാണ് പ്രകാശനം ചെയ്തത്.

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇന്ത്യൻ തപാൽ വകുപ്പ് പുറത്തിറക്കിയ സി.എം.എഫ്.ആർ.ഐ.യുടെ പേര് പതിച്ച പ്രത്യേക തപാൽ കവർ ഗവർണർ പ്രകാശനം ചെയ്തു. മത്സ്യ, കല്ലുമ്മക്കായ കൃഷികളെക്കുറിച്ചുള്ള ആറ് വീഡിയോ സിഡികളും പ്രകാശനം ചെയ്തു.

ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ സി.എം.എഫ്.ആർ.ഐ.യുടെ പുതിയ ഗവേഷണ പദ്ധതികൾ വിശദീകരിച്ചു. എം.പി.ഇ.ഡി.എ. ചെയർമാൻ ഡോ. എ. ജയതിലക്, കേരള മധ്യമേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, ഡോ. ജി. മഹേശ്വരുഡു എന്നിവർ സംസാരിച്ചു.

ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷവുമായി ബന്ധപ്പെട്ട് കൊച്ചി ആസ്ഥാനത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 11 ഗവേഷണ കേന്ദ്രങ്ങളിലും വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## പുതിയ ഗവേഷണ പദ്ധതികളുമായി സി.എം.എഫ്.ആർ.ഐ.

**കൊച്ചി:** രാജ്യത്തെ സമുദ്രമത്സ്യ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പുതിയ ഗവേഷണ പദ്ധതികൾക്ക് തുടക്കമിടുന്നു. പ്ലാറ്റിനം ജൂബിലി ആഘോഷ വേളയിലാണ് കാലാവസ്ഥാവ്യതിയാന പഠനമടക്കം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചത്.

കാലാവസ്ഥാവ്യതിയാനം പഠിക്കാൻ രാജ്യാന്തര തലത്തിൽ പദ്ധതി തയ്യാറാക്കുന്നുണ്ട്. കാലാവസ്ഥാവ്യതിയാനം മൂലം ഇന്ത്യൻ മത്സ്യമേഖലയിൽ സംഭവിച്ച പ്രത്യാഘാതം വിശദമായി മനസ്സിലാക്കാൻ കേന്ദ്രത്തിന്റെ സഹകരണത്തോടെയാണ് പഠനം. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടികൾ സമാപിക്കുന്നതോടെ ഗവേഷണഫലം പുറത്തുവിടും.

ദേശീയ സമുദ്രകൃഷി നയവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന് മാർഗനിർദ്ദേശങ്ങൾ സമർപ്പിക്കും. കടലിലെ ഉപരിതല മത്സ്യസമ്പത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഗവേഷണങ്ങൾക്കും തുടക്കം കുറിക്കുമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ പറഞ്ഞു.